# പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 776 13.06.2012 - ൽ മറുപടിക്ക്

## ചാലക്കുടി മണ്ഡലത്തിലെ പദ്ധതികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ബി.ഡി.ദേവസ്സി | | ശ്രീ. പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട പീലാർമുഴി എൽ.ഐ. സ്കീം നിർമ്മാണം ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ; ഇതു സംബന്ധിച്ച നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; | (എ) | ചാലക്കുടി മണ്ഡലത്തിലെ പീലാർമുഴി LIS-ന് SOR 2010 പ്രകാരം നബാർഡ് XVI-ൽ ഉൾപ്പെടുത്തി 200 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. സാങ്കേതിക അനുമതി നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ നടന്നു വരുന്ന സമയത്ത്, പുതുക്കിയ നിരക്ക് പ്രാബല്യത്തിൽ വരുകയും, ഓവർഹെഡ് ചാർജ്ജസ് കൂടി ചേർത്ത് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും, എസ്റ്റിമേറ്റ് തുക 270 ലക്ഷം രൂപ ആയി തീരുകയും ചെയ്തു. ആയതി നാൽ സ്കീമിന് പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിനായി നിർദ്ദേശം നബാർഡിന് സമർപ്പിച്ചിരി ക്കുകയാണ്. |
| (ബി) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കോടശ്ശേരി-പരിയാരം സമഗ്ര കുടിവെള്ള പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ നടപടി പൂർത്തിയാക്കിയിട്ടുണ്ടോ; പ്രസ്തുത നടപടി പൂർത്തീകരിച്ച് ഈ പദ്ധതി യാഥാർത്ഥ്യമാക്കുതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | (ബി) | ചാലക്കുടി മണ്ഡലത്തിലെ കോടശ്ശേരി-പരിയാരം സമഗ്ര കുടിവെള്ള പദ്ധതിയുടെ സൈറ്റ് സർവ്വേ വർക്കുകൾ 5/2011-ൽ പൂർത്തീകരിച്ചിട്ടുണ്ട്. റോവാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ (പരിയാരം പഞ്ചായത്തിലേക്കു ള്ളതൊഴിച്ച്) എന്നിവയുടെ സർവ്വേകളും പൂർത്തീകരി ച്ചിട്ടുണ്ട്. |

പ്രസ്തുത പദ്ധതിയുടെ അംഗീകാരം ലഭിച്ച പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ടിൽ നിർദ്ദേശിച്ച പദ്ധതി ഘടകങ്ങൾക്കാവശ്യമായ സ്ഥലങ്ങൾ കേരള വാട്ടർ അതോറിറ്റിക്ക് ലഭ്യമാക്കുവാൻ പഞ്ചായത്ത് അധികൃതർക്ക് സാധിക്കാതെ വരികയും പകരമായി നിർദ്ദേശിച്ച സ്ഥലങ്ങൾക്കുള്ള വില്ലേജ് മാപ്പുകൾ പരിയാരം പഞ്ചായത്തിലെ ഉന്നതതല സംഭരണിക്ക് ആവശ്യമായ സ്ഥലം എന്നിവ കേരള വാട്ടർ അതോറിറ്റിയ്ക്ക് ലഭ്യമാ ക്കാനുള്ള പഞ്ചായത്ത് തീരുമാനം എന്നിവ പഞ്ചായത്ത് അധികൃതർ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് തീരുമാനവും വില്ലേജ് മാപ്പുകളും ലഭ്യമായാൽ മാത്രമേ നടപടികൾ ആരംഭി ക്കുവാൻ സാധിക്കു കയുള്ളൂ.

സെക്ഷൻ ഓഫീസർ